354 (1547) ആലപ്പുഴ മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ നിർമ്മാണം

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ നഗരത്തിൽ മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ നിർമ്മാണം മന്ദഗതിയിലാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നിർമ്മാണ പ്രവർത്തനം ത്വരിതഗതിയിലാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) സ്റ്റേഡിയം നിർമ്മാണത്തിന് ഇതുവരെയായി എന്തു തുക ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) നിർമ്മാണപ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) സ്റ്റേഡിയം നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആലപ്പുഴ മുനിസിപ്പൽ സ്റ്റേഡിയം നിർമ്മാണപ്രവർത്തനങ്ങൾ ആലപ്പുഴ നഗരസഭ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തിവരികയാണ്.

(ബി) ഗ്രൗണ്ട് മണ്ണിട്ട് നിരപ്പുവരുത്തുന്നതു സംബന്ധമായ ജോലികൾ ദ്രുതഗതിയിൽ നടന്നുവരികയാണ്.

(സി) സ്റ്റേഡിയം നിർമ്മാണപ്രവർത്തനങ്ങൾക്കായി ഇതുവരെ 9,73,500/- രൂപ (ഒൻപതു ലക്ഷത്തി എഴുപത്തിമൂന്നായിരത്തി അഞ്ഞൂറു രൂപ) ചെലവായിട്ടുണ്ട്.

(ഡി) ഗ്രൗണ്ട് മണ്ണിട്ട് നിരപ്പാക്കുന്നതിനുമാത്രം 45 ലക്ഷം രൂപ ചെലവ് വരുന്നതാണ്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. ജനകീയാസൂത്രണ കമ്മിറ്റിയാണ് ജോലികൾ ഏറ്റെടുത്ത് നടത്തുന്നത്.

(ഇ) ഇപ്പോൾ ഏറ്റെടുത്തിട്ടുള്ള ഗ്രൗണ്ട് മണ്ണിട്ട് നിരപ്പുവരുത്തുന്ന പ്രവർത്തനങ്ങൾ 2000 മാർച്ച് 31-നു മുൻപ് പൂർത്തീകരിക്കുന്നതാണ്.

355 (1548) ഏകജാലക സംവിധാനം

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെട്ടിടനിർമ്മാണ ചട്ടങ്ങൾ ലഘൂകരിക്കുന്നതിനുമുമ്പ് ഏകജാലക പരിപാടിപ്രകാരം കെട്ടിടനിർമ്മാണ അനുമതിക്ക് തിരുവനന്തപുരം കോർപ്പറേഷനിൽ സമർപ്പിച്ചിരുന്ന എല്ലാ അപേക്ഷകളിലും തീർപ്പ് കൽപ്പിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ;

(സി) തിരുവനന്തപുരം പട്ടണത്തിൽ ബഹുനില കെട്ടിടനിർമ്മാണത്തിനുള്ള അനുമതി നൽകുന്നത് താൽക്കാലികമായി തടഞ്ഞുകൊണ്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly